**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1413** **30-08-2022 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിഗണനയും സംവരണവും നൽകണം എന്ന കോടതി ഉത്തരവ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | 18.11.2018 ലെ സ.ഉ(പി)നം.18/2018/സാ.നീ.വ ഉത്തരവിലെ ഖണ്ഡിക 6(i), (ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ 07.02.1996 മുതൽ 18.04.2017 വരെ 3%, 19.04.2017 മുതൽ 4% എന്നിങ്ങനെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08.11.2021 ൽ സ.ഉ (പി)നം.19/2021/പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 07.02.1996 മുതൽ 18.04.2017 വരെ എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങളുടെ 3 ശതമാനം, 19.04.2017 മുതൽ നടത്തിയ നിയമനങ്ങളുടെ 4 ശതമാനം എന്ന നിലയിൽ നിയമന റോസ്റ്റർ തയ്യാറാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ 07.02.1996 മുതൽ 18.04.2017 വരെ 33 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും, 19.04.2017 മുതൽ 25 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും ഭിന്നശേഷി നിയമനത്തിനായി നീക്കിവച്ച് ബാക്ക് ലോഗ് കണക്കാക്കി നിയമനം നടത്താൻ 25.06.2022 ലെ സ.ഉ(കൈ) നം.111/2022/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/21നമ്പർ റിട്ട് പെറ്റീഷനിൽ 10.08.2022 ൽ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | 18.11.2018 ലെ സ.ഉ(പി)നം.18/2018/സാ.നീ.വ ഉത്തരവിലെ ഖണ്ഡിക 6(i), (ii) എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ 07.02.1996 മുതൽ 18.04.2017 വരെ 3%, 19.04.2017 മുതൽ 4% എന്നിങ്ങനെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 08.11.2021 ൽ സ.ഉ |

| | | | | |
|---|---|---|---|---|
| | | | | (പി)നം.19/2021/പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 07.02.1996 മുതൽ 18.04.2017 വരെ എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങളുടെ 3 ശതമാനം, 19.04.2017 മുതൽ നടത്തിയ നിയമനങ്ങളുടെ 4 ശതമാനം എന്ന നിലയിൽ നിയമന റോസ്റ്റർ തയ്യാറാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ 07.02.1996 മുതൽ 18.04.2017 വരെ 33 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും, 19.04.2017 മുതൽ 25 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തികയും ഭിന്നശേഷി നിയമനത്തിനായി നീക്കിവച്ച് ബാക്ക് ലോഗ് കണക്കാക്കി നിയമനം നടത്താൻ 25.06.2022 ലെ സ.ഉ(കൈ) നം.111/2022/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ഭിന്നശേഷി സംവരണം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ നിലനിന്നിരുന്ന 19808/21നമ്പർ റിട്ട് പെറ്റീഷനിൽ 10.08.2022 ൽ അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ